# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6680 — 09/07/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസി കുട്ടികളെ അനാഥാലയങ്ങളിലേക്ക് കൊണ്ടുപോകുന്ന സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയിലെ ആദിവാസി കോളനികളിൽ നിന്നും കുട്ടികളെ സംസ്ഥാനത്തെ വിവിധ അനാഥാലയങ്ങളിലേക്ക് കൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | മാധ്യമങ്ങളിൽ ഇപ്രകാരം വാർത്തകൾ വരുന്നുണ്ടെങ്കിലും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കടത്തുന്നില്ലായെന്ന് അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| ബി | ഉണ്ടെങ്കിൽ എത്ര കുട്ടികളെ ഇപ്രകാരം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; എവിടെയെല്ലാം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ബി | ഇത്തരം സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | കുട്ടികളെ കൊണ്ടുപോകുന്നത് ഐ.ടി.ഡി.പി. യുടെ ശ്രദ്ധയിൽ പ്പെട്ടിരുന്നോ; പ്രസ്തുത വിവരം വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; അതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | സി | കുട്ടികളെ കൊണ്ടുപോകുന്നില്ലായെന്ന് ഐ.റ്റി.ഡി.പി. അധികൃതർ അറിയിച്ചിട്ടുണ്ട്. |
| ഡി | അട്ടപ്പാടിയിൽ കുട്ടികളുടെ പഠനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഉള്ളത്; വിശദാംശങ്ങൾ നൽകുമോ; | ഡി | അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസിനു കീഴിൽ 16 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലിൽ അഡ്മിഷനായി വരുന്ന കുട്ടികൾക്കെല്ലാം പ്രവേശനം നൽകാറുണ്ട്. ഈ വർഷം ഇതിനോടകംതന്നെ 1365 കുട്ടികളെ പ്രവേശിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചിണ്ടക്കിയിൽ 210 കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനു വേണ്ടി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പ്രവർത്തിച്ചു വരുന്നുണ്ട്. 2014-15 സാമ്പത്തികവർഷം ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനുവദിക്കുകയും ടി ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിലെ ഊരുകളിൽ നിന്നുമുള്ള നിരവധി കുട്ടികൾ സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വിവിധ |

| | | | |
|---|---|---|---|
| | | | സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിച്ചുവരുന്നുണ്ട്. പത്താംതരത്തിൽ തോറ്റ വിദ്യാർത്ഥികളെ കണ്ടെത്തി തുടർന്ന് പഠിപ്പിക്കുന്ന 'ഗുരുകുലം' എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങളായ മേശ, കസേര, ബുക്ക്, പേന, ബാഗ്, കുട എന്നിവ സൗജന്യമായി നൽകി വരുന്നുണ്ട്. |
| ഇ | അട്ടപ്പാടിയിലെ ആദിവാസികളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന്റെ കൈവശമുള്ള കണക്ക് ഏത് വർഷത്തെ സെൻസസിൽ ശേഖരിച്ചതാണ്; അതു പ്രകാരമുള്ള ജനസംഖ്യ എത്രയാണ്; | ഇ | 2008 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് കിലയുമായി സംയുക്തമായി ചേർന്ന് നടത്തിയ സർവ്വേയിൽ 30460 പട്ടികവർഗ്ഗക്കാർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| എഫ് | ഏറ്റവും പുതിയ സെൻസസ് നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | എഫ് | ഇല്ല. |

**സെക്ഷൻ ഓഫീസർ**